**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **19-06-2024 - ൽ മറുപടിയ്ക്ക്**

**പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതുപ്പള്ളി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുപ്പള്ളി മണ്ഡലത്തിൽ ഒരു സ്കൂളിനാണ് ഭരണാനുമതി നൽകിയിരുന്നത്.<br><br>5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുപ്പള്ളി ഗവ. സെന്റ് ജോർജ് വി.എച്ച്.എസ്.എസിന്റെ അക്കാഡമിക് ബ്ലോക്ക്, ഹാർഡ്‌വെയർ ലാബ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന വികസന പ്രവർത്തനം പൂർത്തീകരിച്ചവയും പൂർത്തീകരിക്കാത്തവയും ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പുതിയ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുപ്പള്ളി മണ്ഡലത്തിൽ ഒരു സ്കൂളിനാണ് ഭരണാനുമതി നൽകിയിരുന്നത്.<br><br>5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുപ്പള്ളി ഗവ. സെന്റ് ജോർജ് വി.എച്ച്.എസ്.എസിന്റെ അക്കാഡമിക് ബ്ലോക്ക്, ഹാർഡ്‌വെയർ ലാബ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. |
| (സി) | വാകത്താനം പഞ്ചായത്തിലെ നാലുന്നാക്കൽ സെന്റ് ആദായീസ് ഗവ. എൽ.പി.സ്കൂളിന് പുതിയ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നാലുന്നാക്കൽ സെന്റ് ആദായീസ് ഗവ.എൽ.പി.സ്കൂൾ ശോചനീയാവസ്ഥയിൽ ആണെന്നും ആയതിനാൽ പുതിയ കെട്ടിടം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് സ്കൂൾ പി.ടി.എ സമർപ്പിച്ച പരാതി പരിശോധിക്കുന്നതിന് കോട്ടയം ഡിഡിഇ - യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 251.40 ലക്ഷം രൂപയുടെ PWD എസ്റ്റിമേറ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| | | | ഇക്കാര്യത്തിൽ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ